പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 191

# 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 191

# 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

1082/2024

# 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ

1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 5-ാം വകുപ്പിനുള്ള ഭേദഗതി.—5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ വിശദീകരണം (ബി)-യിലെ "വൈൻ," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ഹോർട്ടി വൈൻ," എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

3. പട്ടികയ്ക്കുള്ള ഭേദഗതി.—പട്ടികയിൽ,—

(എ) ക്രമനമ്പർ 2-ൽ "വിദേശമദ്യം" എന്ന ശീർഷകത്തിന് കീഴിൽ ഇനം (4)-ൽ "വൈൻ" എന്ന വാക്കിന് മുമ്പായി "ഹോർട്ടി വൈൻ ഉൾപ്പെടെയുള്ള" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) വിശദീകരണം (i)-നുശേഷം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"(iഎ) "ഹോർട്ടി വൈനിന്" 2022-ലെ കേരള സ്മാൾ സ്കെയിൽ വൈനറി (ഫോർ പ്രൊഡക്ഷൻ ഓഫ് ഹോർട്ടി വൈൻ ഫ്രം ട്രോപ്പിക്കൽ ഫ്രൂട്സ് ആന്റ് അഗ്രിക്കൾച്ചറൽ പ്രോഡക്ട്സ് ഓഫ് കേരള) ചട്ടങ്ങളിലെ ചട്ടം 2-ലെ ഖണ്ഡം (ജി)-യിൽ നൽകിയിരിക്കുന്ന അതേ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2022 ഒക്ടോബർ 25-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 136/2022 നികുതി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2023 നവംബർ 3-ാം തീയതിയിലെ 3745-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം ധാന്യങ്ങൾ ഒഴികെ സംസ്ഥാനത്ത് ലഭ്യമായ കാർഷികോല്പന്നങ്ങളിൽ നിന്ന് ഹോർട്ടിവൈൻ ഉല്പാദിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. 2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 547-ൽ സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിനായി ഇന്ത്യൻ നിർമ്മിത വൈനിന്റെ നിലവിലുള്ള നികുതിഘടന ഹോർട്ടിവൈനിന് ബാധകമാകുമെന്ന് പ്രഖ്യാപിച്ചു. വിദേശമദ്യത്തിനുള്ള വില്പന നികുതി 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റിൻ (1963-ലെ 15) കീഴിലാണ് ചുമത്തപ്പെടുന്നത്. ഇന്ത്യൻ നിർമ്മിത വൈനിന്റെ വില്പനനികുതിക്ക് തുല്യമായി ഹോർട്ടിവൈനിന്റെ വില്പനനികുതി നിശ്ചയിക്കുവാനും 1963-ലെ പൊതുവില്പനനികുതി ആക്റ്റിൽ (1963-ലെ 15) അനുയോജ്യമായ ഭേദഗതി വരുത്തുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. എൻ. ബാലഗോപാൽ.

(ശരിത്തർജ്ജമ)

# 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1963-ലെ 15)

** ** ** **

"5. സാധനങ്ങൾ വിൽക്കുന്നതിന് നികുതി ചുമത്തൽ.—(1) ഒരു വർഷത്തെ മൊത്ത വിൽപ്പന തുക രണ്ടുലക്ഷം രൂപയിൽ കുറയാത്ത ഏതൊരു വ്യാപാരിയും (വല്ലപ്പോഴും വ്യാപാരം ചെയ്യുന്ന ആളോ, നിവാസേതര വ്യാപാരിയുടെ ഏജന്റോ, കേന്ദ്ര സർക്കാരോ, കേരള സർക്കാരോ, മറ്റ് ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരോ, ഏതെങ്കിലും കേന്ദ്രഭരണ പ്രദേശമോ, ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ അല്ലാത്ത) വല്ലപ്പോഴും വ്യാപാരം ചെയ്യുന്ന ഏതൊരാളുമോ, നിവാസേതര വ്യാപാരിയുടെ ഏജന്റോ, കേന്ദ്ര സർക്കാരോ, കേരള സർക്കാരോ, മറ്റ് ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരോ, കേന്ദ്ര ഭരണ പ്രദേശമോ, ഏതെങ്കിലും തദ്ദേശാധികാര സ്ഥാനമോ തങ്ങളുടെ ആ വർഷത്തെ മൊത്ത വിൽപ്പന തുക എന്തുതന്നെയാകിലും, ആ വർഷത്തേക്കുള്ള നികുതിക്ക് വിധേയമായ മൊത്ത വിൽപ്പന തുകയിന്മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങൾക്ക്, അപ്രകാരമുള്ള സാധനങ്ങൾക്ക് എതിരെ പറഞ്ഞിട്ടുള്ള നിരക്കിൽ നികുതി നൽകേണ്ടതാണ്,—

(എ) ഏവിയേഷൻ റ്റർബൈൻ ഫ്യൂവലിന്റെയും ഡീസലിന്റെയും പെട്രോളിന്റെയും കാര്യത്തിൽ ഒരു എണ്ണ കമ്പനി മറ്റൊരു എണ്ണ കമ്പനിക്ക് വിൽപ്പന നടത്തുന്നിടത്തൊഴികെ, ഈ വകുപ്പ് പ്രകാരം നികുതി അടയ്ക്കാൻ ബാധ്യസ്ഥമായ ഒരു എണ്ണ കമ്പനി സംസ്ഥാനത്തിനകത്ത് നടത്തുന്ന വിൽപ്പനയുടെ 'ഘട്ടത്തിലും', വിൽപ്പന നടത്തുന്നത് എണ്ണ കമ്പനി അല്ലാത്തിടത്ത്, ഈ വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിലും;

(ബി) വിദേശമദ്യത്തിന്റെ കാര്യത്തിൽ, കേരള സംസ്ഥാന ബിവറേജ് (ഉൽപ്പാദനവും വിപണനവും) കോർപ്പറേഷൻ ലിമിറ്റഡ് നടത്തുന്ന വിൽപ്പനയുടെ ഘട്ടത്തിലും, കേരള സംസ്ഥാന ബിവറേജ് (ഉൽപ്പാദനവും വിപണനവും) കോർപ്പറേഷൻ ലിമിറ്റഡിന് വിൽപ്പന നടത്തുമ്പോഴൊഴികെ ഈ വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിലും;

(സി) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റു സാധനങ്ങളുടെ കാര്യത്തിൽ, ഈ വകുപ്പ് പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിലും.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി.—

(എ) - 'എണ്ണ കമ്പനി' എന്നാൽ കൊച്ചി റിഫൈനറീസ് ലിമിറ്റഡ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഇൻഡോ-ബർമ്മ പെട്രോളിയം കമ്പനി ലിമിറ്റഡ്, ഭാരത് പെട്രോളിയം ലിമിറ്റഡ് എന്നിവ എന്നർത്ഥമാകുന്നതും കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം ഇതിലേക്കായി വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റു കമ്പനി ഉൾപ്പെടുന്നതുമാകുന്നു.

(ബി) 'വിദേശ മദ്യം' എന്നാൽ വൈൻ, ബ്രാൻഡി, ഷാമ്പെയ്ൻ, ഷെറി, റം, ജിൻ, വിസ്കി, ബിയർ, സിഡർ കോക്കോ ബ്രാൻഡി എന്നിവയും ഡിസ്റ്റിൽ ചെയ്തതോ സ്പിരിറ്റ് കലർന്നതോ ആയ മറ്റെല്ലാ പദാർത്ഥങ്ങളും എന്നർത്ഥമാകുന്നതും ഉൾപ്പെടുന്നതും, എന്നാൽ 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്ടിൽ (2004-ലെ 30) ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളും ഔഷധങ്ങളും ഉൾപ്പെടാത്തതുമാകുന്നു.

** ** ** **

## പട്ടിക

[സെക്ഷൻ 5(1)]

## സെക്ഷൻ 5 പ്രകാരം നികുതി ചുമത്താവുന്ന സാധനങ്ങൾ

** ** ** **

"2 വിദേശമദ്യം

| | | |
|---|---|---|
| (i) | രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്തതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ കുപ്പിയിലാക്കിയ വൈൻ | 37 |
| (ii) | രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്തതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ, വൈൻ ഒഴികെയുള്ള കുപ്പിയിലാക്കിയ വിദേശമദ്യം | 115 |
| (iii) | മുകളിലെ (ii)ാം ഉപ-ഉൾക്കുറിപ്പിൻ കീഴിൽ ഉൾപ്പെടാത്ത ബിയർ | 116 |
| (iv) | മുകളിലെ (i)ാം ഉപ-ഉൾക്കുറിപ്പിൽ ഉൾപ്പെടാത്ത വൈൻ | 86 |
| (v) | മുകളിലെ (i), (ii), (iii), (iv) എന്നീ ഉപ-ഉൾക്കുറിപ്പുകളിൽ ഉൾപ്പെടാത്ത | |
| | (എ) കെയ്സ് ഒന്നിന് 400 രൂപയോ അതിൽ കുടുതലോ ക്രയമൂല്യം ഉള്ള വിദേശ മദ്യം | 251 |
| | (ബി) കെയ്സ് ഒന്നിന് 400 രൂപവരെ ക്രയമൂല്യം ഉള്ള വിദേശ മദ്യം | 241 |

വിശദീകരണം:—ഈ പട്ടികയുടെ ആവശ്യത്തിലേക്കായി,

(i) 'കെയ്സ്' എന്നാൽ ഓരോന്നിലും 180 മില്ലീലിറ്റർ വീതമുള്ള 48 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 375 മില്ലീലിറ്റർ വീതമുള്ള 24 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 500 മില്ലീലിറ്റർ വീതമുള്ള 18 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 750 മില്ലീലിറ്റർ വീതമുള്ള 12 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 1000 മില്ലീലിറ്റർ വീതമുള്ള 9 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 1500 മില്ലീലിറ്റർ വീതമുള്ള ആറ് ബോട്ടിലുകൾ എന്നർത്ഥമാകുന്നു;

** ** ** **